LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിൻ കോർപ്പറേഷനിലെ ടൂറിസം പദ്ധതികൾ

85 [403] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷനിൽ കഴിഞ്ഞ 5 വർഷമായി തുടങ്ങിവെച്ചിട്ടുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മാസാമാസം പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് അവലോകനം ചെയ്യുന്നതിലുപരി പ്രധാന പദ്ധതികളുടെ പുരോഗതിയെക്കുറിച്ച് ബന്ധപ്പെട്ട ഏജൻസികളുമായി പ്രത്യേകം ചർച്ചകളും നടത്തുന്നുണ്ട്.

(സി) മറൈൻഡ്രൈവിലെ നടപ്പാത ഗോശ്രീ പാലംവരെ നീട്ടുന്നതിനുള്ള പദ്ധതി, നഗരത്തിലെ പ്രധാന വീഥികളുടെയും നടപ്പാതയുടെയും ശുചീകരണത്തിനായുള്ള യന്ത്രം, പുതിയ ബോട്ടുജെട്ടികൾ, റെയിൽവേ സ്റ്റേഷനുകളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ എന്നിവയാണ് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ.

വാഴാനി ടൂറിസ്റ്റ് വികസന പദ്ധതി

86 [404] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാഴാനി ടൂറിസ്റ്റ് വികസന പദ്ധതി ഈ വർഷം നടപ്പാക്കാനുള്ള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.